# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7831 15.07.2014 ൽ മറുപടിക്ക്

## ഫ്ളക്സ് ബോർഡുകൾമൂലമുള്ള അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന നിരത്തുകളിലും കവലകളിലും വ്യാപകമായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാഴ്ച മറയ്ക്കുംവിധം വച്ചിട്ടുള്ള ബോർഡുകൾ നീക്കംചെയ്യാൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | ഈ വിഷയത്തിൽ മോട്ടോർവാഹന വകുപ്പിന് പരിമിതികളുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരസ്യബോർഡുകൾ, ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നതിലേക്കായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ കേരള റോഡ് സുരക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവശ്യനടപടികൾ സ്വീകരിക്കണമെന്ന് എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ബോർഡുകൾമൂലം ഉണ്ടായ അപകടങ്ങൾ എത്രയാണ്; | (സി) | കാഴ്ച മറയ്ക്കുംവിധം ബോർഡുകൾ സ്ഥാപിച്ചതു മൂലം ഒരപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | അപകടങ്ങളിൽ പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും ജില്ലതിരിച്ചുള്ള വിശദവിവരം അറിയിക്കുമോ? | (ഡി) | കോട്ടയം ജില്ലയിൽ അപകടത്തിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്. ആർക്കും പരിക്കേറ്റിട്ടില്ല. |

സെക്ഷൻ ഓഫീസർ